ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

***DATE: 21.07.2025*** ***TIME : 1925 PM***

## പ്രധാന വാർത്തകൾ

1. കമ്യൂണിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാവും, മുൻ മുഖ്യമന്ത്രിയുമായ വി.എസ് അച്യുതാനന്ദൻ അന്തരിച്ചു. കേരളത്തിൽ മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചാരണം. നാളെ പൊതു അവധി.
   **Senior Communist Leader and Former Kerala CM V.S. Achuthanandan Passes Away; Three-Day State Mourning, Public Holiday Tomorrow.**

2. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ അനുശോചിച്ചു. പൊതുസേവനത്തിനായി ജീവിതം സമർപ്പിച്ച നേതാവെന്ന് പ്രധാനമന്ത്രി; വിട്ടുവീഴ്ചയില്ലാത്ത പോരാട്ട നിലപാടുകളുടെ പ്രതീകമെന്ന് മുഖ്യമന്ത്രി.
   **PM, Kerala Governor, and CM Mourn the Passing of Former Kerala CM V.S. Achuthanandan; PM Hails Him as a Dedicated Public Servant, CM Calls Him a Symbol of Uncompromising Struggles.**

3. വർഷകാല സമ്മേളനത്തിന്റെ ആദ്യ ദിനം പാർലമെന്റിൽ പ്രതിപക്ഷ ബഹളം; നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്കു പിരിഞ്ഞു.
   **Parliament Monsoon Session Begins Amid Opposition Uproar; Both Houses Adjourned for the Day**

4. അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ചുള്ള എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ അന്വേഷണം സുതാര്യമെന്ന കേന്ദ്ര വ്യോമയാന മന്ത്രി പാർലമെന്റിൽ.
   **Aircraft Accident Investigation into Ahmedabad Crash is Transparent, Says Civil Aviation Minister in Parliament.**

5. കേരളത്തിൽ മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
   **Heavy Rains to Continue in Kerala, Says IMD; Fishing Banned Along Kerala, Karnataka, and Lakshadweep Coasts.**

***********************************

## V S ACHUTHANANTHAN

കമ്യൂണിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാവും, മുൻ മുഖ്യമന്ത്രിയുമായ വി.എസ് അച്യുതാനന്ദൻ അന്തരിച്ചു. 102 വയസ്സായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ

ചികിത്സയിലിരിക്കെയാണ് അന്ത്യം. കഴിഞ്ഞമാസം 23-നാണ് വി എസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വി എസ്സിന്റെ മൃതദേഹം അല്പസമയത്തിനകം തിരുവനന്തപുരത്തെ AKG പഠനകേന്ദ്രത്തിൽ പൊതുദർശനത്തിന് എത്തിച്ചു. നാളെ രാവിലെ 9 മണി മുതൽ ദർബാർ ഹാളിലും പൊതുദർശനമുണ്ടാകും. സംസ്കാരം ബുധനാഴ്ച ആലപ്പുഴയിൽ നടക്കും. വി എസ്സിനോടുള്ള ആദരസൂചകമായി മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചാരണം പ്രഖ്യാപിച്ചു. കേരളത്തിൽ നാളെ പൊതു അവധിയായിരിക്കും.

***************************

## VS PROFILE (INTRO)

കേരളം കണ്ട ജനകീയ മുഖ്യമന്ത്രിമാരിൽ ഒരാളായ വി.എസ് അച്യുതാനന്ദൻ വിട പറയുമ്പോൾ രാഷ്ട്രീയ പോരാട്ടങ്ങളുടെ വിപ്ലവകരമായ ഒരധ്യായമാണ് അവസാനിക്കുന്നത്. 1940-ൽ രാഷ്ട്രീയ ജീവിതം ആരംഭിച്ച വി.എസ്, 2021 ജനുവരിയിൽ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ പദവി രാജിവച്ചതോടെ സജീവ രാഷ്ട്രീയത്തിൽ നിന്നും പിൻവാങ്ങുകയായിരുന്നു.

**(വോയിസ്......)**

***************************

## VS-CONDOLENCE

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങിയവർ അനുശോചിച്ചു. ജീവിതത്തിൽ ഏറിയ പങ്കും പൊതുസേവനത്തിനും കേരളത്തിന്റെ പുരോഗതിക്കും സമർപ്പിച്ച നേതാവായിരുന്നു അദ്ദേഹമെന്ന് പ്രധാനമന്ത്രി പറഞ്ഞു. സമൂഹത്തിനും സംസ്ഥാന രാഷ്ട്രീയത്തിനും വി.എസ് അച്യുതാനന്ദൻ നൽകിയ സംഭാവനകൾ എന്നും ഓർമിക്കപ്പെടുമെന്ന് ഗവർണർ വ്യക്തമാക്കി. ഉജ്വല സമരപാരമ്പര്യത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടനിലപാടുകളുടെയും പ്രതീകമായിരുന്നു വി എസ് എന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. മന്ത്രിമാർ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് തുടങ്ങിയവരും അനുശോചിച്ചു.

**************************

## PARLIAMENT ADJOURNED

പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് പ്രതിപക്ഷ ബഹളം. നടപടികൾ പൂർത്തിയാക്കി

സഭ ഇന്നത്തേക്കു പിരിഞ്ഞു. ലോക്സഭയിൽ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തി. സർക്കാർ ചർച്ചയ്ക്ക് തയ്യാറാണെന്നും സഭയുടെ നടപടിക്രമങ്ങൾ പ്രതിപക്ഷം പാലിക്കണമെന്നും സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടു. തുടർന്ന് 12 മണിക്കും 2 മണിക്കും സഭാനടപടികൾ പുനഃരാരംഭിച്ചപ്പോഴും പ്രതിപക്ഷം വീണ്ടും പ്രതിഷേധിച്ചു. വൈകുന്നേരം 4 മണിക്ക് സഭ സമ്മേളിച്ചപ്പോൾ, പ്രതിഷേധം തുടർന്നതോടെ സഭ ഇന്നത്തേക്ക് പിരിയുകയാണെന്ന് സ്പീക്കർ അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിലും അഹമ്മദാബാദ് വിമാനപകടത്തിലും കൊല്ലപ്പെട്ടവർക്ക് ആദരാജ്ഞലി അർപ്പിച്ചുകൊണ്ടാണ് പാർലമെന്റിൽ ഇന്ന് നടപടികൾ ആരംഭിച്ചത്. സി സദാനന്ദൻ ഉൾപ്പടെ അഞ്ചു പേർ ഇന്ന് രാജ്യസഭാ എംപിമാരായി സത്യപ്രതിജ്ഞ ചെയ്തു.

***************************

**REV PM - MONSOON SESSION**

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഫലപ്രദമായ ചർച്ചകൾ കൊണ്ട് സമ്പന്നമാക്കണമെന്നും അത് രാജ്യത്തിന്റെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. സമ്മേളനത്തിന്

മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യയുടെ സൈനിക ശക്തി ലോകത്തിനു വ്യക്തമായതായി പ്രധാനമന്ത്രി പറഞ്ഞു. ഡിജിറ്റൽ ഇന്ത്യ ആഗോളതലത്തിൽ തരംഗമാകുകയാണെന്നും പല രാജ്യങ്ങളിലും യുപിഐ വലിയ പ്രചാരം നേടിയതായും അദ്ദേഹം പറഞ്ഞു.

*************************

**PAR - RAHUL GANDHI**

പ്രതിപക്ഷ അംഗങ്ങളെ സഭയിൽ സംസാരിക്കാൻ അനുവദിക്കുന്നില്ലെന്നും കേന്ദ്രമന്ത്രിമാർക്ക് മാത്രമാണ് സംസാരിക്കാൻ അനുമതിയെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു. പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*************************

**RS-LADING BILL**

ചരക്ക് കൈമാറ്റവുമായി ബന്ധപ്പെട്ട 2025 ലെ ലേഡിംഗ് ബിൽ പാർലമെന്റ് പാസ്സാക്കി. 1856 ലെ ഇന്ത്യൻ ബിൽസ് ഓഫ് ലേഡിംഗ് ആക്ടിന് പകരമായിരിക്കും പുതിയ ബിൽ. 2047 ഓടെ വികസിത രാജ്യമാക്കി മാറ്റുകയാണ്

സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ രാജ്യസഭയിൽ നടന്ന ചർച്ചയിൽ പറഞ്ഞു.

**************************

**PARLIAMENT - JUSTICE VERMA**

വസതിയിൽ നിന്ന് പണം കണ്ടെത്തിയ സംഭവത്തിൽ ജസ്റ്റിസ് യശ്വന്ത് വർമ്മയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെന്റ് അംഗങ്ങൾ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് നിവേദനം നൽകി. ജസ്റ്റിസ് വർമ്മയ്ക്കെതിരായ ഇംപീച്ച്മെന്റ് പ്രമേയത്തിൽ 145 ലോക്സഭാ അംഗങ്ങൾ ഒപ്പിട്ടു. അതെസമയം, ബന്ധപ്പെട്ട വിഷയം പാർലമെന്റ് അന്വേഷിക്കും.

**************************

**RS-NAIDU AI 171 (INTRO)**

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ചുള്ള എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ അന്വേഷണം സുതാര്യമാണെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡു. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി വിദഗ്ധരുടെ പങ്കാളിത്തത്തോടെയാണ് അന്വേഷണം നടക്കുന്നതെന്നും അദ്ദേഹം രാജ്യസഭയിൽ

പറഞ്ഞു. രാജ്യത്തിനകത്തും പുറത്തുമുള്ള ചില മാധ്യമങ്ങൾ സ്വന്തം കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതായും അന്വേഷണം പൂർത്തിയാകുമ്പോൾ സത്യം പുറത്ത് വരുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**(വോയിസ്....)**

**************************

**PM - UK MALDIVES VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനം നാളെ ആരംഭിക്കും. യു കെ പ്രധാനമന്ത്രി കെയർ സ്റ്റാമറുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകൾ കൂടിക്കാഴ്ചയിൽ നടക്കും. തുടർന്ന് ഈ മാസം 25 ന് മാൽദീവ്സിലെത്തുന്ന പ്രധാനമന്ത്രി, മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.

**************************

**RAIN-KERALA**

കേരളത്തിൽ മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒഴികെ മറ്റെല്ലായിടത്തും നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് എല്ലാ ജില്ലകളിലും ജാഗ്രതാ നിർദേശം നൽകിയിരുന്നു.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 25 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**************************

## HIMACHAL WEATHER

ഹിമാചൽ പ്രദേശിൽ കനത്ത മഴ തുടരുന്നു. സംസ്ഥാനത്തുടനീളമുള്ള നദികൾ കര കവിഞ്ഞൊഴുകുകയാണ്. മണ്ണിടിച്ചിനെ തുടർന്ന് 468 റോഡുകളും 3 ദേശീയ പാതകളും അടച്ചിട്ടു. വൈദ്യുതി, ജലവിതരണ മേഖലയിലും പ്രതിസന്ധി നേരിടുന്നുണ്ട്. നദികളിൽ ഇറങ്ങരുതെന്നും അനാവശ്യ യാത്രകൾ ഒഴിവാക്കാനും അധികൃതർ ജനങ്ങളോട് അഭ്യർത്ഥിച്ചു.

**************************

## KOCHI-MUMBAI-FLIGHT

കനത്ത മഴയെ തുടർന്ന് കൊച്ചി - മുംബൈ എയർ ഇന്ത്യ വിമാനം ലാൻഡിങ്ങിനിടെ മുംബൈ വിമാനത്താവളത്തിലെ റൺവെയിൽ നിന്ന് തെന്നി മാറി. മോശം കാലാവസ്ഥയെ തുടർന്ന് അടിയന്തിരമായി ഇറക്കിയ വിമാനം തെന്നി മാറുകയായിരുന്നുവെന്നാണ് പ്രാഥമിക റിപ്പോർട്ട്. എല്ലാ യാത്രക്കാരും സുരക്ഷിതരാണെന്ന് എയർഇന്ത്യ അറിയിച്ചു.

**************************

**SENSEX + GOLD**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 442 പോയിന്റ് ഉയർന്ന് 82,200 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 122 പോയിന്റ് നേട്ടത്തിൽ 25,090 ലും വ്യാപാരം അവസാനിപ്പിച്ചു.

**************************

**BANGLADESH-AIRCRAFT CRASH**

ധാക്കയിൽ ബംഗ്ലാദേശ് വ്യോമസേനയുടെ പരിശീലന വിമാനം തകർന്നുവീണ് പൈലറ്റ് ഉൾപ്പടെ 19 പേർ മരിച്ചു. ഉത്തര മൈൽ സ്റ്റോൺ കോളേജ് ഗ്രൗണ്ടിലാണ് വിമാനം തകർന്ന് വീണത്. സംഭവത്തെ തുടർന്ന് ബംഗ്ലാദേശിൽ ഒരു ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു.

**************************

**WOMEN CRICKET**

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ നടക്കും. രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു.

*

**************

*************************************